'ഭരണഭാഷ- മാതൃഭാഷ'

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- ഊർജ്ജ കേരളം മിഷൻ - ഇ - സേഫ് കേരള പദ്ധതി - സാമ്പത്തിക ശേഷി കുറഞ്ഞ SC , ST , BPL വിഭാഗത്തിൽപെട്ട കുടുംബങ്ങൾക്ക് ഏർത് ലീക്ക് സെർക്യൂട്ട് ബ്രേക്കർ സ്ഥാപിക്കുന്ന പദ്ധതിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി എ) വകുപ്പ്**

**സ.ഉ.(സാധാ) നം.192/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 24/01/2020

---

പരാമർശം:- 1 ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 05.12.2019 ലെ കത്ത്.

2 06/12 /2019 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റി തീരുമാനം ഇനം നം. 4. 73

**<u>ഉത്തരവ്</u>**

വൈദ്യുത സുരക്ഷാ ഉറപ്പു വരുത്തുന്ന രീതിയിൽ വീടിന്റെ വയറിങ് ചെയ്യാൻ സാമ്പത്തിക സ്ഥിതി അനുവദിക്കാത്ത, SC , ST , BPL വിഭാഗത്തിൽപെട്ട, കണക്റ്റഡ് ലോഡ് 500 വാട് സിൽ താഴെയും, മാസ ഉപഭോഗം 20 യൂണിറ്റിൽ താഴെയുമുള്ള കുടുംബത്തിന്, ശരിയായ രീതിയിൽ റീ വയറിങ് ചെയ്ത് , കുറഞ്ഞത് നാല് പോയിന്റെങ്കിലും ഉണ്ടാകത്തക്ക രീതിയിൽ ഏർത് ലീക്ക് സെർക്യൂട്ട് ബ്രേക്കർ ( ELCB ) അടക്കം സുരക്ഷാ ഉപകരണങ്ങളോട്ടുകൂടി, 12,287 രൂപ ചെലവ് വരുന്ന പദ്ധതി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പരാമർശം (1) പ്രകാരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അനുമതി ആവശ്യപ്പെട്ടിരുന്നു.

2 .സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിച്ചു. കമ്മിറ്റിയുടെ പരാമർശം (2 ) ലെ തീരുമാനം പ്രകാരം വൈദ്യുത സുരക്ഷാ ഉറപ്പു വരുത്തുന്ന രീതിയിൽ വീടിന്റെ വയറിങ് ചെയ്യാൻ സാമ്പത്തിക സ്ഥിതി അനുവദിക്കാത്ത, SC , ST , BPL വിഭാഗത്തിൽപെട്ട, കണക്റ്റഡ് ലോഡ് 500 വാട് സിൽ താഴെയും, മാസ ഉപഭോഗം 20 യൂണിറ്റിൽ താഴെയുമുള്ള കുടുംബത്തിന്, ശരിയായ രീതിയിൽ റീ വയറിങ് ചെയ്ത് , കുറഞ്ഞത് നാല് പോയിന്റെങ്കിലും ഉണ്ടാകത്തക്ക രീതിയിൽ ഏർത് ലീക്ക് സെർക്യൂട്ട് ബ്രേക്കർ ( ELCB ) അടക്കം സുരക്ഷാ ഉപകരണങ്ങളോട്ടുകൂടി, ഒരു കുടുംബത്തിന് 12,287 രൂപ ചെലവ് വരുന്ന പദ്ധതി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ഭേദഗതി ചെയ്യുന്നതിനും ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും/ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും/ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും/ സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം .

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ , തിരുവനന്തപുരം.
ഡയറക്ടർ, പട്ടികജാതി /പട്ടിക വർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം .
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം .
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ചെയർമാൻ , സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് , തിരുവനന്തപുരം
ഡയറക്ടർ, കില, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ